LIBRARY ARCHIVES Kerala Legislative Assembly

എക്കോ ടൂറിസം പദ്ധതികൾ

75 [1972] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര എക്കോ ടൂറിസം പദ്ധതികൾ ഇപ്പോൾ പരിഗണനയിലുണ്ട് ;

(ബി) പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമായ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(സി) എക്കോ ടൂറിസം പ്രമോട്ട് ചെയ്യുന്നതിനുവേണ്ടി സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കല്ലാർ, കൊല്ലം ജില്ലയിലെ പാലരുവി, തെന്മല, പത്തനംതിട്ട ജില്ലയിലെ കോന്നി, കണ്ണൂർ ജില്ലയിലെ ആറളം, പൈതൽമല, ഇടുക്കി ജില്ലയിലെ തൊമ്മൻകുത്ത്, തേക്കടി, ഇരവികുളം ദേശീയ പാർക്ക്, ചിന്നാർ വന്യജീവി സങ്കേതം, പാലക്കാട് ജില്ലയിലെ നെല്ലിയാംപതി, പറമ്പിക്കുളം തുടങ്ങിയ സ്ഥലങ്ങളിലാണ് എക്കോ ടൂറിസം പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നത്.

(ബി) തിരുവനന്തപുരം ജില്ലയിലെ കല്ലാർ, കൊല്ലം ജില്ലയിലെ പാലരുവി, തെന്മല, ഇടുക്കി ജില്ലയിലെ തേക്കടി, ഇരവികുളം ദേശീയ പാർക്ക്, ചിന്നാർ വന്യജീവി സങ്കേതം, കണ്ണൂർ ജില്ലയിലെ ആറളം എന്നിവിടങ്ങളിലാണ് പൂർണ്ണമായ തോതിൽ എക്കോ ടൂറിസം പദ്ധതികൾ പ്രവർത്തന സജ്ജമായിട്ടുള്ളത്.

(സി) എക്കോ ടൂറിസം വികസനത്തിനുവേണ്ടി ഒരു പ്രത്യേക ഡയറക്ടറെ തന്നെ നിയമിച്ചിട്ടുണ്ട്. കൂടാതെ എക്കോ ടൂറിസം വികസനത്തിനുവേണ്ടി എല്ലാവർഷവും പ്രത്യേകമായി പ്ലാൻ ബഡ്ജറ്റിൽ തുക വകയിരുത്താറുണ്ട്. 2005–2006 വർഷത്തേക്ക് 100 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതുകൂടാതെ ടൂറിസം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അതാതു സമയത്ത് ആവശ്യപ്പെടുന്ന തുക എക്കോ ടൂറിസം വികസനത്തിന് നൽകി വരുന്നുണ്ട്.